# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.452

## 29-05-2019 ൽ മറുപടിക്ക്

## കിഫ്ബി മസാല ബോണ്ട്

| ചോദ്യം<br>ശ്രീ. അനിൽ അക്കര | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബി മസാല ബോണ്ട് ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ എന്നാണ് ലിസ്റ്റ് ചെയ്തതെന്ന് അറിയിക്കുമോ; മസാല ബോണ്ട് ലിസ്റ്റ് ചെയ്തത് പബ്ലിക് ഇഷ്യു ആയിട്ടാണോ എന്ന് വ്യക്തമാക്കുമോ; | കിഫ്ബി മസാല ബോണ്ട് ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ 19.09.2018, 25.03.2019 എന്നീ തീയതികളിലാണ് ലിസ്റ്റ് ചെയ്തത്. കിഫ്ബിയുടെ മസാല ബോണ്ട് ഒരു പ്രൈവറ്റ് ഇഷ്യൂ അല്ല. ഇൻസ്റ്റിറ്റ്യൂഷണൽ നിക്ഷേപകരെ ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു പബ്ലിക് ഇഷ്യൂ ആണ്. ഇതുവരെ ഇന്ത്യൻ കമ്പനികൾ ഇഷ്യു ചെയ്ത മസാല ബോണ്ടിൽ നിക്ഷേപം നടത്തിയിട്ടുള്ള എല്ലാ നിക്ഷേപകരുമായും കിഫ്ബി മീറ്റിംഗ് നടത്തിയിരുന്നു. ലണ്ടൻ, സിംഗപ്പൂർ, ഹോങ് കോങ്ങ് , യു എ ഇ എന്നീ രാജ്യങ്ങളിൽ നടന്ന റോഡ്ഷോകളിൽ നിക്ഷേപകരുടെ അഭിപ്രായങ്ങളും, ഇതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന നിയമ വ്യവസ്ഥകളും വിലയിരുത്തിയ ശേഷമാണ് ഓഫറിങ് സർക്കുലർ പ്രസിദ്ധീകരിച്ചത്. കനേഡിയൻ നിയമ വ്യവസ്ഥകൾ പ്രകാരം റീട്ടെയിൽ നിക്ഷേപകരിൽ നിന്നും ബോണ്ടുകൾ വഴി പണം സ്വീകരിക്കണമെങ്കിൽ ബന്ധപ്പെട്ട സെക്യൂരിറ്റി റെഗുലേറ്ററിന്റെ അംഗീകാരം തേടിയ ശേഷമാണ് പ്രോസ്പെക്ടസ് പുറപ്പെടുവിക്കേണ്ടത്. ഇത് വളരെ സങ്കീർണ്ണവും കാലതാമസം വരുന്നതുമായ ഒരു നടപടിക്രമമാണ്. ഈ കാലതാമസം ഒഴിവാക്കി ആ രാജ്യത്തിലെ നിക്ഷേപകർക്കും അവസരം കൊടുക്കുന്നതിനായിയാണ് മറ്റു രാജ്യങ്ങളിലെ |

| | |
|---|---|
| | നിയമവ്യവസ്ഥകൾ ഉൾപ്പെടുത്തിയ പോലെ കാനഡയിലെയും വ്യവസ്ഥകൾ ഉൾപ്പെടുത്തി ഓഫറിങ് സർക്കുലർ പുറപ്പെടുവിച്ചത്. ഇതിൻ പ്രകാരം ഫിനാൻഷ്യൽ ആക്ഷൻ ടാസ്ക് ഫോഴ്സ് ( FATF ) അംഗീകരിച്ച ലോകത്തിലെ എല്ലാ ഇൻസ്റ്റിറ്റ്യൂഷണൽ നിക്ഷേപകർക്കും പ്രസ്തുത ബോണ്ടിൽ പങ്കെടുക്കാമായിരുന്നു. |
| (ബി) ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ ഇതു സംബന്ധിച്ച ചടങ്ങിൽ മുഖ്യമന്ത്രി പങ്കെടുത്തിട്ടുണ്ടോ; അദ്ദേഹത്തെ കൂടാതെ ആരൊക്കയൊണ് പ്രസ്തുത ചടങ്ങിൽ സംസ്ഥാനത്തെ പ്രതിനിധീകരിച്ച് പങ്കെടുത്തതെന്ന് അറിയിക്കുമോ; | ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ മസാല ബോണ്ട് ലിസ്റ്റിംഗ് സംബന്ധിച്ച ചടങ്ങിൽ മുഖ്യമന്ത്രി പങ്കെടുത്തിട്ടില്ല. ബോണ്ട് പുറപ്പെടുവിച്ചതിനു ശേഷമുള്ള മാർക്കറ്റ് ഓപ്പണിങ് ചടങ്ങിൽ സംസ്ഥാനത്തെ പ്രതിനിധീകരിച്ച് മുഖ്യമന്ത്രി, ധനകാര്യ മന്ത്രി, ചീഫ് സെക്രട്ടറി, കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എന്നിവർ പങ്കെടുത്തു. |
| (സി) സി.ഡി.പി.ക്യൂ. എന്ന കമ്പനി കിഫ്ബി മസാല ബോണ്ട് വാങ്ങിയത് ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ നിന്നും പബ്ലിക് ഇഷ്യൂ ആയിട്ടാണോയെന്ന് വെളിപ്പെടുത്തുമോ? | ലണ്ടൺ സ്റ്റോക്ക് എക്സ്ചേഞ്ചിൽ പബ്ലിക് ഇഷ്യൂ ആയി ലിസ്റ്റ് ചെയ്യപ്പെട്ട ബോണ്ടുകളിലാണ് സി.ഡി.പി.ക്യൂ ഉൾപ്പടെയുള്ള എല്ലാ നിക്ഷേപകരും നിക്ഷേപം നടത്തിയത്. |

സെക്ഷൻ ഓഫീസർ